**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 960** **30-06-2022 - ൽ മറുപടിയ്ക്ക്**

**റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.റ്റി.) അനുവദിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2021-22 വർഷത്തിൽ വന്യജീവി ആക്രമണത്തിൽ ആറു പേർ മരണമടഞ്ഞ ചാലക്കുടി ഫോറസ്റ്റ് ഡിവിഷണൽ ഓഫീസിനു കീഴിൽ റാപ്പിഡ് റെസ്പോൺസ് ടീമിനെ ഇനിയും അനുവദിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മനുഷ്യ-വന്യജീവി സംഘർഷം കൈകാര്യം ചെയ്യുന്നതിനു, ചാലക്കുടി ഉൾപ്പെടെ 25 ഡിവിഷനുകളിൽ ആർ.ആർ.റ്റി- കൾ രൂപീകരിക്കുന്നതിനുള്ള ശുപാർശ ഉൾപ്പെടെയുള്ള പദ്ധതി നിർദ്ദേശം സർക്കാരിന്റെ പരിശോധനയിൽ ആണ്. |
| (ബി) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പാലപ്പിള്ളി, ചൊക്കന, നായാട്ടുകുണ്ട് തുടങ്ങിയ മലയോര പ്രദേശങ്ങളിൽ തുടർച്ചയായി ഉണ്ടാകുന്ന വന്യജീവി ആക്രമണം ഒഴിവാക്കുന്നതിനും അടിയന്തര സഹായം ലഭ്യമാക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമിനെ അനുവദിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | ജനജാഗ്രതാ സമിതി രൂപീകരിക്കുകയും യോഗങ്ങൾ നടത്തി പ്രശ്ന പരിഹാരം നടത്തുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്തുവരുന്നുണ്ട്. രാത്രികാല പെട്രോളിംഗ് ശക്തിപ്പെടുത്തിയും വന്യമൃഗ സാന്നിദ്ധ്യം അറിഞ്ഞാൽ എസ്.എം.എസ്. അലർട്ട് സിസ്റ്റം വഴി ജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയും, വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാട്ടാനകൾ നാട്ടിൽ ഇറങ്ങുന്നത് തടയുന്നതിനും വന്യ മൃഗങ്ങളെ തിരികെ കാട്ടിലേക്ക് അയയ്ക്കുന്നതിനും കൂടുതൽ വാച്ചർമാരെ നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചിമ്മിനി, ആനപ്പാന്തം തുടങ്ങിയ ഉൾവനത്തിൽ നിന്നും വനവാസമേഖലയിലേയ്ക്ക് കാട്ടാനകൾ എത്തുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി നായാട്ടുകുണ്ട്, ചൊക്കന, താളൂപ്പാടം, ഇഞ്ചക്കുണ്ട് ഭാഗങ്ങളിൽ സോളാർ ഫെൻസിങ്ങ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും കാട്ടാനകളുടെ നിരന്തര ആക്രമണം മൂലം ചിലയിടങ്ങളിൽ ടി ഫെൻസിങ്ങുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ആയതിന്റെ അറ്റകുറ്റപ്പണികൾക്കുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എലിക്കോട് , ചീനക്കുന്ന് ഭാഗങ്ങളിൽ സോളാർ ഫെൻസിങ്ങ് നടത്തുന്നതിന് ടെൻഡർ ചെയ്തിട്ടുണ്ട്.<br><br>ചാലക്കുടി ഉൾപ്പെടെ 25 ഡിവിഷനുകളിൽ ആർ. ആർ. റ്റി -കൾ രൂപീകരിക്കുന്നതിനുള്ള ശുപാർശ |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ പരിശോധനയിൽ ആണ്. |

സെക്ഷൻ ഓഫീസർ